## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4425 17.05.2017- ൽ മറുപടിയ്ക്ക്

### വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക സുരക്ഷയ്ക്കും പദ്ധതികൾ

ചോദ്യം

ശ്രീ.പി.ഉണ്ണി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീമതി യു.പ്രതിഭ ഹരി

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജനസംഖ്യയുടെ ഉദ്ദേശം 15 ശതമാനം വരുന്ന വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക സുരക്ഷയ്ക്കും എന്തൊക്കെ പദ്ധതികളാണുള്ളത്; | (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>എല്ലാ പോലീസ് സ്റ്റേഷനുകളിലും അതാത് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരു വിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ 2010 മുതൽ സൂക്ഷിക്കുന്നുണ്ട്.<br>സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിറുത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300 ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന |

| | | | |
|---|---|---|---|
| | | | വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു.<br>കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.<br>ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ 1100/-രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയും വാർദ്ധക്യകാല പെൻഷൻ നൽകുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ടു വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നല്കി വരുന്നു. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 'സായംപ്രഭ' എന്ന പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കി വരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>വയോജനങ്ങൾക്ക് ആരോഗ്യ – സാമ്പത്തിക – സാമൂഹിക – സുരക്ഷിതത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ചെലവുകുറഞ്ഞ രീതിയിലും പാവപ്പെട്ടവർക്ക് സൗജന്യമായും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധ്യമാകുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ നഗരസഭകളിൽ താമസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാരുടെ ആരോഗ്യസംരക്ഷണ പരിപാലനത്തിനായി വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വരുമാന പരിധി മാനദണ്ഡമാക്കാതെ മൊബൈൽ ക്ലിനിക്ക്, കൗൺസിലിംഗ്, വൈദ്യസഹായം, മരുന്ന്, പാലിയേറ്റീവ് കെയർ, എന്നിവ സൗജന്യമായി നൽകുന്നു. വയോജനങ്ങളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സംവിധാനവും നൽകുന്നു.<br>പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് മന്ദഹാസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്കായി ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് വയോ അമൃതം ആയുർവേദ ചികിത്സാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും വായനശാലകളിലും ഇവർക്ക് പ്രത്യേക പരിഗണന ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (സി) | സമൂഹത്തിൽ മുതിർന്ന പൗരന്മാർ ഇടപെടുന്ന സമസ്ത മേഖലകളിലും വയോജനസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | സാമൂഹ്യനീതി വകുപ്പിൽ കൂടുതൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനും സ്വകാര്യ മേഖലയിലെ വൃദ്ധസദനങ്ങൾ ആശാസ്യകരമായ രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും നടപടിയെടുക്കുമോ? | (ഡി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ജസ്റ്റിസ് (റിട്ട.) സി.എൻ.രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ ഒരു ഉന്നതതലസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി നിലവിൽ വൃദ്ധസദനങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ